പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3119.

28/01/2014 -ൽ മറുപടിക്ക്

**ആധാരം എഴുത്തുകാരുടെ സമരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>" സി. കെ. നാണു<br>" ശ്രീമതി. ജമീലാ പ്രകാശം.<br>" ജോസ് തെറ്റയിൽ. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരമെഴുത്തുകാർ സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രക്ഷോഭങ്ങൾ നടത്തുന്നത് ; | ബി) ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷിക്കുക, ആധാരമെഴുത്ത് തൊഴിൽ, ആധാരമെഴുത്തുകാർക്കുമാത്രമായി ഉറപ്പു വരുത്തുക, സംഘടനക്കുള്ള അംഗീകാരത്തിന് റഫറണ്ടം നടത്തുക, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമവും സുതാര്യവുമാക്കുക, നിയമപരമായ മാറ്റങ്ങൾ വരുത്തുവാനുള്ള ചർച്ചയിൽ സംഘടനയെ ഉൾപ്പെടുത്തുക. ഭൂമിയുടെ 'ന്യായവില' നിർണ്ണയത്തിൽ വന്ന അപാകത പരിഹരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ്, പ്രക്ഷോഭങ്ങൾ നടത്തുന്നത്. |
| സി) ക്രയവിക്രയ ഇടപാടുകൾ ഓൺ ലൈനിലേക്ക് മാറ്റുന്നതുമൂലം ആധാരമെഴുത്തുകാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; അവ പരിഹരിക്കുവാൻ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | സി) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഇടപാടുകൾ പൂർണ്ണമായി ഓൺലൈനി ലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആധാരമെഴുത്തുകാർക്ക് വിവര സാങ്കേതിക വിദ്യയിൽ ആവശ്യമായ പരിശീലനം നൽകിക്കൊണ്ട്, രജിസ്ട്രേഷൻ സംബന്ധമായ സേവന പ്രദാനങ്ങൾക്ക് ആധാരമെഴുത്തുകാർക്കുകൂടി പങ്കാളിത്തം ലഭിക്കുന്ന രീതിയിലുള്ള പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.